"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- കണ്ണൂർ ജില്ലയിലെ വാരം യു.പി. സ്കൂൾ അറബിക് ടീച്ചറായ ശ്രീമതി ബുഷറാബി.എ.പി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 21286/2021 മേലുള്ള വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.940/2022/GEDN തീയതി,തിരുവനന്തപുരം, 18-02-2022

---

പരാമർശം:-

1 12/01/2010 ലെ G.O.(P) No. 10/10/GEDN ഉത്തരവ്

2 01/10/2011 ലെ G.O.(P) 199/2011/GEDN ഉത്തരവ്

3 ശ്രീമതി ബുഷറാബി.എ.പി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 21286/2021 നം. റിട്ട് ഹർജി

4 ശ്രീമതി ബുഷറാബി.എ.പി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 21286/2021 മേലുള്ള 13/10/2021 ലെ വിധിന്യായം

5 11/01/2022 ലെ കണ്ണൂർ നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ എഫ്/2481/2021 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ വാരം യു.പി. സ്കൂൾ അറബിക് ടീച്ചറായ ശ്രീമതി ബുഷറാബി.എ.പി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 21286/2021 മേലുള്ള 13/10/2021 ലെ വിധിന്യായത്തിൽ ഹർജിക്കാരി, നാലാം എതിർകക്ഷി സ്കൂൾ മാനേജർ എന്നിവരെ നേരിൽ കേട്ടതിനുശേഷം Ext.P4 റിവിഷൻ ഹർജി 3 മാസത്തിനകം തീർപ്പാക്കാൻ ഒന്നാം എതിർകക്ഷി സർക്കാരിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

2.ചുമതലപ്പെടുത്തിയതുപ്രകാരം ഹർജിക്കാരിയേയും ബന്ധപ്പെട്ട കക്ഷികളേയും 20/01/22 തീയതിയിൽ നേരിൽ കേട്ടു. 4-ാം എതിർകക്ഷി ഹിയറിംഗിൽ ഹാജരായിരുന്നില്ല.

3. 01/06/11 മുതൽ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി നിയമനാംഗീകാരം ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ, നിയമനത്തീയതിയായ 05/06/08 മുതൽ 31/05/2011 വരെയുള്ള സേവനകാലം കൂടി അംഗീകരിച്ച നൽകുന്നതിന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്നതാണ് Ext.P4 റിവിഷൻ ഹർജിയിലെ ആവശ്യം.

4. സർക്കാർ ഇക്കാര്യം നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവിന്റെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും ഹിയറിംഗ് വേളയിൽ ഉന്നയിച്ച വാദഗതികളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു.

5. 2008-09 അധ്യയന വർഷം ടി സ്കൂളിലുണ്ടായ അധിക അറബിക് തസ്തികയിലാണ് 5/6/2008 മുതൽ പാർട്ട്ടൈം അറബിക് അദ്ധ്യാപികയായി ഹർജിക്കാരിയെ മാനേജർ നിയമിച്ചിട്ടുള്ളത്. ടി കാലയളവിലെ അധിക തസ്തികയിലെ നിയമനങ്ങൾ അംഗീകരിക്കുന്നതിന് നിയന്ത്രണമുണ്ടായിരുന്നതിനാൽ ടി നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിരുന്നില്ല. പിന്നീട് പരാമർശം 1 പ്രകാരം ടി നിയന്ത്രണങ്ങൾ ഉപാധികളോടെ പിൻവലിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം അധിക തസ്തികയിലെ നിയമനങ്ങൾക്ക് ആനുപാതികമായി 1:1 പ്രകാരം ഭാവിയിലുണ്ടാകുന്ന ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കാമെന്ന് മാനേജർ ബോണ്ട് സമർപ്പിക്കുന്ന പക്ഷം, ടി നിയമനങ്ങൾ അംഗീകരിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വ്യവസ്ഥ പ്രകാരം മാനേജർ ബോണ്ട് സമർപ്പിക്കാത്തിനാൽ ഹർജിക്കാരിയുടെ 5-6-2008 മുതലുള്ള നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നൽകിയില്ല. പിന്നീട് പരാമർശം 2 പ്രകാരം രൂപീകരിച്ച അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി 01/06/2011 മുതൽ നിയമനം അംഗീകരിച്ച് നൽകിയിട്ടുണ്ട്. എന്നാൽ നിയമനത്തീയതി മുതൽ തന്റെ നിയമനം അംഗീകരിക്കണമെന്നതാണ് ഹർജിക്കാരിയുടെ ആവശ്യം.

6. 2006-07 വർഷം മുതൽ 2009-10 വർഷം വരെ എയ്ഡഡ് സ്കൂളുകളിലെ അധിക തസ്തികകളിൽ നിലനിന്നിരുന്ന നിയമന നിരോധനം പിൻവലിക്കുകയും തുടർന്നുള്ള വർഷങ്ങളിൽ ടി സ്കൂളിൽ വരുന്ന ഒഴിവുകളിൽ തത്തുല്യ എണ്ണം സംരക്ഷിതാദ്ധ്യാപകരെ നിയമിക്കാമെന്ന ബോണ്ട് അതത് സ്കൂൾ മാനേജർ സർക്കാരിന് സമർപ്പിക്കണം എന്ന വ്യവസ്ഥയിൽ 2006-2007 വർഷം മുതൽ പ്രതീക്ഷിത അധിക തസ്തികകളിൽ നിയമിച്ച അദ്ധ്യാപകർക്ക് നിയമനതീയതി മുതൽ അംഗീകാരം നൽകാമെന്ന് പരാമർശം 1 ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ടി ഉത്തരവിനെതിരെ മാനേജർമാർ ബഹു.സുപ്രീം കോടതിയിൽ കേസ് ഫയൽചെയ്യുകയും പ്രസ്തുത നിബന്ധനയ്ക്കെതിരെ സ്റ്റേ വാങ്ങുകയുമുണ്ടായി. ഈ സ്ഥിതി നിലനിൽക്കെ, ഇത്തരത്തിൽ നിയമിതരായ അധ്യാപകർ അവരുടെ നിയമനങ്ങൾ അംഗീകരിച്ചു കിട്ടുന്നതിനായി കോടതിയെ സമീപിക്കുകയും അതതു മാനേജർമാർ പരാമർശം 1 ലെ ഉത്തരവ് പ്രകാരമുള്ള ബോണ്ട് വച്ചതായി കണക്കാക്കി (deeming provision ) 2006-07 വർഷം മുതൽ 2009-10 വർഷം വരെ നിയമിതരായ അദ്ധ്യാപകർക്ക് അവരുടെ നിയമനതീയതി മുതൽ അംഗീകാരം നൽകുവാൻ വ്യത്യസ്തങ്ങളായ വിധിന്യായങ്ങളിലൂടെ നിർദ്ദേശം നൽകുകയുണ്ടായി. അത്തരം കേസുകളിൽ അവരവരുടെ നിയമനതീയതി മുതൽ അംഗീകാരം നൽകാൻ അതത് വിദ്യാഭ്യാസ ഓഫീസർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. Deeming provision അനുസരിച്ച് ഭാവിയിലുണ്ടാകുന്ന ഒഴിവുകൾ സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി മാറ്റിവെക്കാൻ ബന്ധപ്പെട്ട മാനേജർമാർ ബാധ്യസ്ഥരാണ്. ഈ വ്യവസ്ഥ പാലിക്കാതെ ഒഴിവുകൾ നികത്തിയാൽ ആയവയ്ക്ക് നിയമനാംഗീകാരം ലഭിക്കുകയില്ല.

7. ഈ കേസിലെ വിധിന്യായത്തിൽ ബഹു.ഹൈക്കോടതി സമാന കേസുകളിൽ (Suma devi supra) deeming provision അനുസരിച്ച് നിയമനാംഗീകാരം നൽകാൻ നിർദ്ദേശിച്ചിട്ടുള്ള കാര്യം കണക്കിലെടുത്ത്, ഈ കേസിലും മാനേജർ ബോണ്ട് വച്ചതായി കണക്കാക്കി 10/10 ഉത്തരവിനെതിരെ മാനേജർമാർ ഫയൽചെയ്തിട്ടുള്ള സുപ്രീംകോടതിയിലെ കേസുകളുടെ അന്തിമ വിധിയ്ക്കു വിധേയമായി ഹർജിക്കാരിയുടെ നിയമനത്തിന് നിയമനത്തീയതി മുതൽ അംഗീകാരം നൽകുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. 'Deeming Provision' ബഹു. കോടതി നിർദ്ദേശിച്ചിട്ടുള്ള എല്ലാ കേസുകളിലും മേൽപറഞ്ഞ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ മാനേജർ 10/10 ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള ബോണ്ട് വച്ചതായി കണക്കാക്കി, സുപ്രീംകോടതിയിൽ 10/10 ഉത്തരവിനെതിരെ നിലനിൽക്കുന്ന കേസുകളിലെ അന്തിമവിധിക്ക് വിധേയമായി ഹർജിക്കാരിയുടെ നിയമനത്തീയതി മുതൽ 31/05/2011 വരെയുള്ള നിയമനങ്ങൾ അംഗീകരിച്ച് നൽകുവാൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരം റിട്ട്ഹർജി നം. 21286/2021 മേലുള്ള പരാമർശം 4 ലെ വിധിന്യായം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കണ്ണൂർ നോർത്ത്, കണ്ണൂർ ജില്ല- 670009

ബുഷറാബി.എ.പി, അറബിക് ടീച്ചർ, വാരം യു.പി.സ്കൂൾ, വാരം, കണ്ണൂർ-670 594

മാനേജർ, വാരം യു.പി.സ്കൂൾ, വാരം, കണ്ണൂർ- 670 594

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by Mini.t.r.
Date: 19-02-2022 10:08:48
സെക്ഷൻ ഓഫീസർ